


ഗവൺമെന്റ് മുഹമ്മദൻസ് ബോയ്സ്
എച്ച്.എസ്.എസ്. ആലപ്പുഴ

GMB

GOVT.MUHAMMADAN BOYS H.S.S

# 'മുകുളം'

## ഡിജിറ്റൽ മാഗസിൻ

*2018-19*

*ഗവർമെന്റ് മുഹമ്മദൻസ് ബോയ്സ് എച്ച് .എസ് .എസ്*

*ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം*

# എഡിറ്റോറിയൽ

വിടരാൻ കഴിയാതെ.....
വളരാൻ കഴിയാതെ......
അറിവ് എന്ന സൗന്ദര്യം ആസ്വദിക്കാൻ കഴിയാതെ .......
കൊഴിഞ്ഞു പോകുന്ന പൂമൊട്ടുകളായി പോകാതെ.....
വളർന്നു പന്തലിച്ച മാമരങ്ങളായിത്തീരാൻ ...

ആഗ്രഹിക്കുന്ന കുരുന്നുകൾക്കായി

“പ്രളയാനന്തര കേരളത്തിന്റെ ഉയിർത്തെഴുന്നേല്പ്"

ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ ഗവ. മുഹമ്മദൻസ് ബോയ്സിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ ജിനു സാറിനും ഹസീന ടീച്ചർക്കും നന്ദി !

ഷഹനാസ്. എഫ്
എഡിറ്റർ





കൊച്ചുറാണി വില്ല്യം
പ്രഥമ അധ്യാപിക

## ആമുഖം

ഗവ:മുഹമ്മദൻസ് ബോയ്സ് ഹൈസ്കൂൾ 2018-2019 അധ്യയന വർഷം ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു. നാളെയുടെ വാഗ് ദാനങ്ങളായ കുഞ്ഞുങ്ങളുടെ തനതും നൂതനവുമായ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ ഇത്തരം സംരഭങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പുതിയ പാഠ്യ പദ്ധതിയുടെ അനന്തസാധ്യതകൾ തിരിച്ചറിഞ്ഞ് വിദ്യർത്ഥികളുടെ സർഗാത്മകതയെ പരിപോഷിപ്പിക്കുന്ന ഈ മാഗസിൻ എല്ലാവർക്കും പ്രചോദനമാകട്ടെ.
എല്ലാവിധ ആശംസകളും നേരുന്നു........

---

സ്നേഹപൂർവ്വം,
ഹെഡ്മിസ്ട്രസ് ,കൊച്ചുറാണി വില്ല്യം

# സന്ദേശം

വിടർന്നുകൊണ്ടിരിക്കുന്ന പൂമൊട്ടിന് അതിന്റേതായ ആകർഷണീയതയുണ്ട്.
അത് പുത്തൻപ്രതീക്ഷയുടെയും നാളെയുടെയും പ്രതീകവുമാണ് അത് സൗരഭ്യം പൊഴിക്കുന്നതായാൽ ഒന്നുകൂടി മനോഹരം മുഹമ്മദൻസ് ബോയിസിലെ ഈ മുകുളങ്ങൾ വിടർന്ന് സൗരഭ്യം പൊഴിച്ച് ഹൈടെക് യുഗത്തിലേക്ക്മാറുന്ന ലോകത്തിന്റെ ഡിജിറ്റൽ പ്രതീകമാകുമെന്ന പ്രതീക്ഷയോടെ...............



ഹസീന എച്ച്
അധ്യാപിക (ലിറ്റിൽ കൈറ്റ്സ്)

# ഉള്ളടക്കം


| | |
|---|---|
| വൈക്കം മുഹമ്മദ് ബഷീർ | 8 |
| എന്റെ സ്കൂൾ | 9 |
| എന്റെ കേരളം | 10 |
| അധ്യാപകർഹൈടെക്കിലേക്ക് | 11 |
| ആഗ്രയിലെ കാക്കകൾ | 12 |
| ഐ.ടി.ക്വിസ് | 13 |
| മധുരസ്മരണകൾ | 14 |
| അത്യാഗ്രഹി | 16 |
| കരടി പറഞ്ഞത് | 17 |
| നമ്മുടെ വീട്ടിലെ ഔഷധ സസ്യങ്ങൾ | 18 |
| ഓർമ്മകളിൽ നിന്നും മായാതെ | 21 |
| പാറക്കെട്ടുകൾ | 23 |
| സൂര്യകാന്തി | 24 |
| തെയ്യവും തിറയും | 25 |
| ജലത്തുള്ളികൾ | 26 |
| ഭൂമിക്കായി മൂന്ന ദിനങ്ങൾ | 27 |
| മഹദ് വചനങ്ങൾ | 29 |
| കൃഷിപ്പാട്ടുകൾ | 31 |

| | |
|---|---|
| കടംകഥകൾ | 33 |
| ഒരു പെൺ മുയലിന്റെ.....ക്ഷമിക്കണം,ഒരു വെൺ മുയലിന്റെ ആകുലതകൾ | 34 |
| ക്വിസ് | 36 |
| മാസങ്ങൾ | 37 |
| ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാർ | 39 |
| എന്റെ മകൾക്ക് | 40 |
| സ്നേഹം | 42 |
| പ്രവൃത്തിപരിചയ വിദ്യാഭ്യാസം | 45 |
| പാഠ്യേതര പ്രവർത്തനങ്ങൾ | 46 |
| കടപ്പാട് | 52 |

# വൈക്കം മുഹമ്മദ് ബഷീർ



1908 ജനവരി 19 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു. ഇന്ത്യൻനാഷണൽ കോൺഗ്രസിൽ ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. സാഹിത്യത്തിനും രാഷ്ട്രീയത്തിനുമായി നാല് താമ്രപത്രങ്ങൾ, കേന്ദ്ര, കേരളസാഹിത്യ അക്കാദമിയുടെ ഫെല്ലോഷിപ്പ്, പത്മശ്രീ, കാലിക്കറ്റ് യൂനിവേഴ്സിറ്റി ഡി.ലിറ്റ് തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചു. ബാല്യകാലസഖി, ഭാർഗ്ഗവീനിലയം, ഭൂമിയുടെ അവകാശികൾ, സ്ഥലത്തെ പ്രധാന  ദിവ്യൻ, ഓർമ്മയുടെ അറകൾ, ജീവിതനിഴൽപ്പാടുകൾ, ആനപ്പൂട, മതിലുകൾ, ശിങ്കിടിമുങ്കൻ, ആനവാരിയും പൊൻകുരിശും, നേരും നുണയും തുടങ്ങി നിരവധി കൃതികൾരചിച്ചു.
1994 ജൂലൈ 5 ന് യശഃശരീരനായി.



സമ്പാദകൻ
സാഹിൽ 9A

# എന്റെ സ്കൂൾ



ആലപ്പുഴയിലെ ഭരണസിരാ കേന്ദ്രത്തിന്റെ മുന്നിൽ സ്ഥിതി ചെയ്യുന്ന സ്കൂളാണ് ഗവ. മുഹമ്മദൻസ് ബോയ്സ് ഹൈസ്കൂൾ .ഒരു കാലഘട്ടത്തിൽ ആലപ്പുഴ നഗരത്തിലെ ഏറ്റവും മികച്ച സ്കൂൾ . കലാ കായിക രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ നേട്ടം കൈവരിച്ച നിരവധി പ്രഗൽഭർ ഈ വിദ്യാലത്തിൽ നിന്ന് പടിയിറങ്ങിയവരാണ് . വിദ്യാഭ്യാസ മേഖലയിലെ കച്ചവട വത്കരണം എന്റെ സ്കൂളിന്റെ ദുരവസ്ഥയ്ക്ക് കാരണമായി .കേരള സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രഖ്യാപിച്ച് കേരളത്തിലെ പൊതു വിദ്യാലയങ്ങളെ വീണ്ടെടുക്കാൻ ഒരു ശ്രമം നടത്തുകയാണ് . ഈ ശ്രമം വിജയപാതയിലാണ്.
ജാതി മത രാഷ്ട്രീയ ഭേദമന്യേ എല്ലാവരും പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിജയത്തിനായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഈ യജ്ഞത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ് കൈറ്റ് . പൊതു വിദ്യാലയങ്ങൾ ഹൈടെക്ക് ആകുന്ന ,അധ്യാപകർക്കും കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം അങ്ങനെ നീളുന്ന കൈറ്റിന്റെ പ്രവർത്തനങ്ങൾ . കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു .ഭാവി തലമുറയെ വാർത്തെടുക്കാൻ പൊതു വീദ്യാലയങ്ങൾക്കാകട്ടെ. നൻമകൾ വിളയുന്ന എന്റെ പൊതുവിദ്യാലയം.



ജിജോ ജോസഫ്
**അധ്യാപകൻ**

# എന്റെ കേരളം



കേരളമെന്നൊരു നാടുണ്ട്
പച്ചപ്പുതപ്പിൽ നിറഞ്ഞൊരു കേരളം
വിനോദസഞ്ചാരികൾ എത്തും കേരളം
കാഴ്ചകൾ  കാണാനായിട്ട്,
കഥകളി നൃത്ത ചുവടുകൾ
കാണാനായി ടൂറിസ്റ്റ് എത്തും കേരളത്തിൽ.
എന്ത് മനോഹരമാണീ കേരളം!
എന്ത്  ഭംഗിയാണീ  കേരളം!
സുഗന്ധ കൃഷികൾ  ചെയ്യും കൃഷിക്കാർ,
അങ്ങനെ പലതരം കൃഷികൾ ചെയ്യും കേരളീയർ
മനുഷ്യരെല്ലാരും ഒരുപോലെ
ജാതി മതമെന്നോ ഇല്ലാ ഈ കേരളീയർക്ക്......

ഫവാസ് എസ് 8A



# അധ്യാപകർ ഹൈടെകിലേക്ക്

കഴിഞ്ഞ രണ്ടരവർഷക്കാലമായി കേരളത്തിലെ പൊതുവിദ്യ ഭ്യാസത്തെ അതിന്റെ പൂർവ്വ പാരമ്പര്യത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും ജനങ്ങളുടെ വിശ്വാസമാർജിക്കാനും പ്രാപ്തമാക്കിയ കേരളത്തിന്റെ വിദ്യാഭ്യാസമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥിനെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു. ഓരോ കുട്ടിയുടെയും പഠനമികവിനുവേണ്ടി നിലകൊള്ളാനാണ് ഈ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ അധ്യാപകർ ചെയ്യേണ്ടത് എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു
കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (KITE)നടപ്പാക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി കേരളത്തിലെ കുട്ടികളുടെ ഏറ്റവും വലിയ IT കൂട്ടായ്മയാണ്. ലാപ്ടോപ്പ്, പ്രൊജക്ടർ, ക്യാമറ എന്നിവ ഉപയോഗിച്ച് അധ്യാപകർ ക്ലാസ്സ് എടുക്കുന്നു. അങ്ങനെ പുതിയതലമുറയോടൊപ്പം അധ്യാപകരും ഹൈടെക്കിലേക്ക്..... ഇനിയും ഉയരങ്ങളിലേക്ക്........... എല്ലാ അധ്യാപകർക്കും ഭാവുകങ്ങൾ നേരുന്നു.

ഗീതാറാണി
അധ്യാപിക



# ആഗ്രയിലെ കാക്കകൾ

കഥ

ഒരിക്കൽ ആഗ്രയിലെ ഭരണാധികാരി തന്റെ മന്ത്രിയോട് ചോദിച്ചു: മഹാമന്ത്രീ...നമ്മുടെ ആഗ്രയിൽ എത്ര കാക്കകളുണ്ട്? തന്റെ മന്ത്രിയെ ഒന്ന് കളിയാക്കാനായിരുന്നു ഈ ചോദ്യം. മന്ത്രിക്ക് അത് മനസ്സിലായി. മന്ത്രി പെട്ടെന്ന് മറുപടി പറഞ്ഞു. ഹുസൂർ , അത് നാലായിരത്തി അറുന്നൂറ്റി മുപ്പത്തിയെട്ടാണ്. രാജാവ് അതിശയിച്ചു പോയി. മന്ത്രിയെ അങ്ങനെ വിടാൻ രാജാവ് തയ്യാറായില്ല.രാജാവ് പറഞ്ഞു: ഈ കണക്ക് തെറ്റാണെങ്കിൽ വലിയ ശിക്ഷയായിരിക്കും താങ്കൾക്ക് ലഭിക്കുന്നത്.പറയുന്ന കണക്കിൽ കുറവാണെങ്കിൽ....?മന്ത്രി പറഞ്ഞു; ആഗ്രയിലെ കാക്കകൾക്ക് പുറത്തുള്ള ദേശത്തിലും ബന്ധുക്കളുണ്ടല്ലോ... അവർ അവരുടെ ബന്ധുക്കളുടെ വീട്ടിൽ പോയതാണെന്നു മനസ്സിലാക്കണം. രാജാവ് ചോദിച്ചു; അപ്പോൾ കൂടുതലാണെങ്കിലോ ? മന്ത്രി പറഞ്ഞു; ആഗ്രയിലെ കാക്കകളുടെ വീട്ടിൽ അവരുടെ ബന്ധുക്കൾ വിരുന്നു വന്നതാണെന്ന് മനസ്സിലാക്കണം. മന്ത്രിയുടെ മറുപടിക്ക് രാജാവ് വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകി.



**നിസാമുദ്ധീൻ.എം 10 A**

# ഐ. ടി. ക്വിസ്സ്

*വിക്കിപീഡിയയുടെ ഉപജ്ഞാതാവ് ആര് ?
ഉത്തരം: ജിമ്മി വെയിൽസ്



ജിമ്മി വെയിൽസ്

*ഐ ഫോണിന്റെ ഉപജ്ഞതാവ് ആര് ?
ഉത്തരം: സ്റ്റീവ് ജോബ്സ്സ്
*ലോകത്തിലെ ആദ്യത്തെ കമ്പ്യൂട്ടർ ഏത് ?
ഉത്തരം:എനിയാക്ക് [ENIAC]




സ്റ്റീവ്ജോബ്സ്

*ഗൂഗിളിന്റെ ഉപജ്ഞാതാക്കൾ ആരെല്ലാം ?
ഉത്തരം: ലാറി പേജ്,സെർജി ബ്രെയ്ൻ
*ആൻഡ്രോയിഡ് ഇപ്പോൾ ആരുടെ കീഴിലാണ് ?
ഉത്തരം:ഗൂഗിൾ
*ആൻഡ്രോയിഡിന്റെ പുതിയ വേർഷെൻ ഏത് ?
ഉത്തരം:പൈ
*wifi യുടെ പൂർണ്ണരൂപം ?
ഉത്തരം: wireless fidelity



എനിയാക്ക്




ലാറി പേജ്, സെർജിബ്രെയ്ൻ

ഷിഹാബുദ്ദീൻ 9A



# മധുര സ്മരണകൾ

26 വർഷങ്ങൾക്കു മുൻപ് വയനാട്ടിലേയ്ക്ക് യാത്രതിരിക്കുമ്പോൾ, ജോലികിട്ടിയ സന്തോഷത്തേക്കാളേറെ ഭയമായിരുന്നു മനസ്സിൽ . ആദ്യത്തെ നിയമനം ചെന്നലോട് ഗവ. യു .പി .സ്കൂളിൽ. വെറുമൊരു കുഗ്രാമം, ജീവിക്കാനായി പകലന്തിയോളം മണ്ണിനോട് മല്ലടിക്കുന്ന സാധു മനുഷ്യർ. താമസിക്കാനൊരിടം പോയിട്ട് ഭക്ഷണം കഴിക്കാനൊരു ഹോട്ടൽ പോലുമില്ല, പേരിനൊരു ചായക്കടമാത്രം. കൈക്കുഞ്ഞുമായി ചെന്നുകയറിയ ഞങ്ങളെ എതിരേറ്റത് എന്ത് സഹായത്തിനും തയ്യാറായിനിൽക്കുന്ന ഹെഡ്മാസ്റ്ററും അധ്യാപകരും. എത്രപെട്ടെന്നാണ് ഞാനവരിലൊരാളായി തീർന്നത്.ഞങ്ങൾക്ക് താമസിക്കാനായി സ്വന്തം മുറിയൊഴിഞ്ഞു തന്ന് വരാന്തയിൽ കിടന്നുറങ്ങിയ ലോറിക്ലീനറായ മുനാഫ്. സ്കൂളിന്റെ തൊട്ടയലത്ത് വീടായിട്ടും ഉച്ചക്കഞ്ഞിയും പയറും പിന്നെ ഞങ്ങളുടെയെല്ലാവരുടേയും കറികളുമായി വിഭവസമൃദ്ധമായ സദ്യയുണ്ണുന്ന ഹെഡ്മാസ്റ്റർ. കുഞ്ഞിന് അസുഖമാണേൽ ടീച്ചർ ലീവ് എടുക്കണ്ട, ഞാനിവിടെയൊരു തൊട്ടില് കെട്ടിയാട്ടിക്കോളാം എന്നു പറഞ്ഞ ആ സ്നേഹനിധിക്കുമുമ്പിൽ എന്റെ പ്രണാമം. അദ്ദേഹം ഇന്ന് ജീവിച്ചിരിപ്പില്ല. ആഘോഷദിനങ്ങൾ സദ്യയൊരുക്കാനായി കൈലിയും ബനിയനും തലയിലൊരു തോർത്തും കെട്ടിയിറങ്ങുന്ന സീനിയർ അസിസ്റ്റന്റ്. സഹപ്രവർത്തകരുടെ വിഷമവും സങ്കടങ്ങളും തങ്ങളുടേതു കൂടിയെന്നു കരുതി പരിഹാരം കണ്ടെത്തുന്ന

മറ്റധ്യാപകർ. ഒരു മനസ്സും ഒരു കുടുംബമെന്നപോലെ കഴിയുന്ന അവരെയൊക്കെ പിരിഞ്ഞ്, പിണങ്ങോട് ഗവ.യു.പി.സ്കൂളിലേക്ക് മാറ്റം വാങ്ങിപോകേണ്ടിവന്നപ്പോൾ പൊട്ടിക്കരഞ്ഞുപോയി. ഔദ്യോഗിക ജീവിതത്തിലെ ആ നല്ല നാളുകൾ മധുരിക്കും ഓർമ്മകളായി ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു.


റോസിലിൻ പോൾ
അധ്യാപിക



# അത്യാഗ്രഹി

ഒരിടത്ത് ഒരു സാധുവായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു . അദ്ദേഹം വഴിയിൽ കൂടി നടന്നു. അപ്പോൾ അദ്ദേഹത്തെ ഒരു മുത്തശ്ശി വിളിച്ചു, ആ പെട്ടി ഒന്നു എടുത്തു തരുമോ എന്നു ചോദിച്ചു .ആ മുത്തശ്ശിയുടെ കൈയ്യിൽ നിറയേ പൈസ ഉണ്ടായിരുന്നു . മുത്തശ്ശിയെ ഉപേക്ഷിച്ചിട്ട് പോയതാണ് . അയാൾ ആ മുത്തശ്ശിയെ സഹായിച്ചു . മുത്തശ്ശി അവിടെ ഇരുന്ന ഒരു പെട്ടിയിൽ നിന്ന് ഏതെങ്കിലും ഒരെണ്ണം എടുത്ത് കൊള്ളാൻ പറഞ്ഞു . അയാൾ ഏറ്റവും ചെറിയ ഒരു പെട്ടി നോക്കി എടുത്തു . അയാൾ അത് തുറന്നു നോക്കിയപ്പോൾ അതിനകത്തൊരു സ്വർണ്ണ നാണയം . ഇതറിഞ്ഞ്  ഒരു അത്യാഗ്രഹിയായ മനുഷ്യൻ അവിടെ ചെന്നു . ആ മുത്തശ്ശിക്ക് ഒരു സഹായം ചെയ്തു കൊടുത്തു. എന്നിട്ട് അവിടെ നിന്ന് ഒരു പെട്ടിയെടുത്തു കൊള്ളാൻ പറഞ്ഞപ്പോൾ അയാൾ അവിടുന്ന് ഏറ്റവും വലിയ പെട്ടി നോക്കിയെടുത്തു കൊണ്ടു പോയി . അത് തുറന്നു നോക്കിയപ്പോൾ അതിനകത്ത് നിറയെ പല്ലിയും പാറ്റയും മറ്റു ജീവികളും ഉണ്ടായിരുന്നു . ആ അത്യാഗ്രഹിക്ക് അന്ന് ഒരു കാര്യം മനസ്സിലായി, അത്യാഗ്രഹം പാടില്ല.


അഭിലാഷ് 9A



# കരടി പറഞ്ഞത്

കഥ

രണ്ടു യാത്രക്കാർ കാട്ടിലൂടെ നടക്കുമ്പോൾ പെട്ടെന്നൊരു കരടി അവർക്കു മുന്നിൽ ചാടിവീണു. ഒരാൾ വേഗം തന്നെ അടുത്തുകണ്ട മരത്തിൽ ചാടിക്കയറി ശാഖകൾക്കിടയിൽ ഒളിച്ചിരുന്നു. മറ്റേ യാത്രക്കാരന് രക്ഷപ്പെടാൻ ഒരു വഴിയും കണ്ടില്ല. കരടി അയാളുടെ ശരീരത്തിൽ മൂക്കുചേർത്തു. അയാൾ ശ്വാസമടക്കിക്കിടന്നു. മറ്റുള്ളവർ കൊന്ന ജീവിയെ തിന്നുന്ന ശീലം കരടിക്കില്ല. അയാളെ മറ്റാരോ കൊന്നതാണെന്ന് വിശ്വസിച്ച് കരടി മടങ്ങി പോയി .മരത്തിൽ നിന്നിറങ്ങി വന്ന യാത്രക്കാരൻ ചങ്ങാതിയോട് ചോദിച്ചു "നിങ്ങളോട് ആ കരടി എന്താണ് പറഞ്ഞത്?" അയാൾ തന്ത്രപൂർവം മറുപടി പറഞ്ഞു. "അതോ, അപകടം വരുമ്പോൾ കൂട്ടുകാരനെ തനിച്ചാക്കി ഓടി രക്ഷപ്പെടുന്ന ചങ്ങാതിയോടൊപ്പം ഒരിക്കലും യാത്ര ചെയ്യരുത്."



(അവലംബം-ഈസോപ്പുകഥ)

ഹാസിഫ് 9A



# നമ്മുടെ വീട്ടിലെ ഔഷധ സസ്യങ്ങൾ

ആര്യവേപ്പ് : അസാഡിറക്ട ഇൻഡിക്ക എന്ന ഈ ഔഷധ സസ്യത്തിന്റെ പ്രത്യേകത അതിലടങ്ങിയ രസഘടകങ്ങളാണ് . ഇലയിലും തോലിലും 'മാർഗോസിൻ' എന്ന ആൽക്കലോയ്ഡ് അടങ്ങിയിരിക്കുന്നു . വേപ്പെണ്ണ അണുനശീകരണത്തിന് ഉപയോഗിക്കുന്നു . മഞ്ഞപ്പിത്തം , മുഖക്കുരു, വിഷം, വയറിളക്കം, ചൊറി, കൃമിശല്യം, വായ്പുണ്ണ്, അഞ്ചാംപനി എന്നിവയ്ക്ക് ഔഷധമായി ഉപയോഗിക്കുന്നു ,



തുളസി : തുളസി ഒരു ദിവ്യ ഔഷധ മൂലികയാണ് . ഇത് പലതരമുണ്ട്. വിഷ്ണു തുളസി , രാമതുളസി ,കാട്ടുതുളസി ,കർപ്പൂര തുളസി , പുഷ്പ തുളസി , മരത്തുളസി
ബംഗാൾ തുളസി ,വൻ തുളസി ,ഗന്ധ തുളസി ,കാട്ടുരാമ തുളസി എന്നിങ്ങനെ പന്ത്രണ്ടുതരമുണ്ട് .ജലദോഷം, പനി, ചുമ ,നീരിറക്കംഎന്നിവയ്ക്ക് ഉപയോഗിക്കുന്നു.





ബ്രഹ്മി : ബുദ്ധിശക്തി വികസിപ്പിക്കുന്നതിനും ഓർശക്തിനിലനിർത്തുന്നതിനും ബ്രഹ്മിനീര് സഹായിക്കുന്നു. പുൽവർഗത്തിൽപ്പെട്ടസസ്യമാണ് .



കുറുന്തോട്ടി: കേരളത്തിൽ വളരെ പ്രസിദ്ധമായ ഔഷധസസ്യമാണ് കുറുന്തോട്ടി. ഔഷധസസ്യങ്ങളിൽ വാതഹരിയായിട്ടാണ് കരുതുന്നത്. കേരളത്തിൽ മിക്ക സ്ഥലങ്ങളിലും ഈ സസ്യത്തെ കാണാം . നിലങ്ങളിലും കാടുകളിലും ഒരു കളസസ്യമായി ഇത് വളരുന്നു. 30cm മുതൽ150cm ഉയരത്തിൽ ശാഖോപശാഖകളായി ഈ കുറ്റിച്ചെടി വളരുന്നു. പുറന്തൊലി പച്ച കലർന്ന ചാര നിറത്തിൽ കാണപ്പെടുന്നു . പുഷ്പങ്ങൾ വെള്ളനിറമുള്ളതും ചെറുതുമാണ്. ഫലങ്ങൾ ഉരുണ്ടതും ചെറുതുമാണ് . വിത്ത് കടും തവിട്ടുനിറമാണ്.



മഞ്ഞൾ : സൗന്ദര്യവർദ്ധക വസ്തുവും ,ഭക്ഷ്യ വസ്തുവും, ഔഷധവുമായി ഉപയോഗിക്കുന്നു . മുറിവുണക്കാൻ സഹായിക്കുന്നു . കുർകുമലോംഗലിൻ എന്നാണ് മഞ്ഞളിന്റെ ശാസ്ത്രനാമം .



ഇഞ്ചി : ഇഞ്ചി നമ്മുടെ രസനേന്ദ്രിയത്തെ കൊതിപ്പിക്കുമ്പോൾ ദഹനേന്ദ്രിയത്തിൽ ഔഷധമെന്ന നിലയ്ക്ക് പ്രവർത്തിക്കുന്നു .ഇഞ്ചി നീരും തേനും ചേർത്ത് കഴിച്ചാൽ എക്കിൾ ശമിക്കും .

സമ്പാദകൻ

മാഹീൻ 9A



# ഓർമ്മകളിൽ നിന്നും മായാതെ....

ഓർമക്കുറിപ്പ്

അപ്രതീക്ഷിതമായികേട്ട ആ വാർത്ത എന്നെ വളരെയധികം തളർത്തി.ഒരിക്കലും സത്യമാകരുതേ എന്ന് പ്രാർത്ഥിച്ചു പോയി.2003 ൽ ഞാൻ ജി.എച്ച്.എസ് പറവൂർ സ്കൂളിലെ സ്കൗട്ട്&ഗൈഡിലെ വിദ്യാർത്ഥികളുമായി അർത്തുങ്കൽ സ്കൂളിൽ ക്യാമ്പിൽ പങ്കെടുത്തു കൊണ്ടിരിക്കുന്ന സമയം. കുറച്ചു കുട്ടികൾ അതിരാവിലെ ഓടിവന്ന് എന്നോട് പറഞ്ഞു. ടീച്ചറേ ഒരു കുട്ടിയുടെ മൃതദേഹം തീരത്തടിഞ്ഞു. എല്ലാവരും കാണാൻ പോകുന്നു. ഞങ്ങളും ഒന്ന് കാണാൻ പൊയ്ക്കോട്ടെ. "വേണ്ട ഇവിടെ നിന്നും നിങ്ങൾ എങ്ങും പോകണ്ട." ഞാൻ തിരക്കിലായി. വീട്ടിൽ നിന്നും മകന്റെ ഫോൺ. "അമ്മേ നമ്മുടെ ഗോപകൃഷ്ണൻ കടലിൽ കൂട്ടുകാരോടൊത്ത് കുളിക്കാൻ പോയി അവനെ കാണുന്നില്ല." വിറങ്ങലിച്ചു പോയി ഞാൻ. ദൈവമേ കരയിൽ കണ്ട മൃതദേഹം അവന്റേത് ആകരുതേ. അവൻ എന്റെ വികൃതിയായ വിദ്യാർഥി ആയിരുന്നു. എന്റെ മകന്റെ കൂട്ടുകാരനും. ഉടൻ തന്നെ ഡ്യൂട്ടി കൂടെയുള്ളവരെ ഏൽപിച്ച് ഞാൻ വീട്ടിൽ എത്തി. ആ വാർത്ത സത്യമായിരുന്നു.ആ മൃതദേഹം എന്റെ പ്രീയ ശിഷ്യന്റെ ആയിരുന്നു.

അവസാനമായി ഒരു നോക്ക് കാണുവാൻ ഞാൻ പോയി. ആർത്തലച്ച കരയുന്ന അവന്റെ മാതാപിതാക്കൾ. ആൾക്കൂട്ടത്തിൽ നിൽക്കുന്ന എന്നെ ആ അമ്മ കണ്ടു. മകന്റെ മുഖത്തെ മീൻ കൊത്തിയ പാടുകൾ കാണിച്ച പൊട്ടിക്കരയുന്ന അമ്മ. "ടീച്ചറെ,... ടീച്ചറിന്റെ ഗോപകൃഷ്ണൻ...." എനിക്ക് ബോധം മറയുന്ന അവസ്ഥ. ദൈവമേ ഒരു അമ്മയ്ക്കും ഇതുപോലെയുള്ള അവസ്ഥകൾ മക്കളായിട്ടു വരുത്തരുതേ. വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും നടക്കുന്ന ആ ഓർമ്മ എന്നെ തളർത്തുന്നു

ഗീതാ.ജെ
അധ്യാപിക



# പാറക്കെട്ടുകൾ

പുഴയുടെ ഉത്ഭവസ്ഥാനം മുതൽ പകുതിയോളം ദൂരം പാറക്കെട്ടുകളോ അവയുടെ വർദ്ധിച്ച സാന്നിധ്യമുള്ളതോ ആയ പ്രദേശങ്ങളാണ്. കല്ലർ, പാലോട്, പരപ്പിൽ, അരുവിപ്പുറം, മേലാറ്റുമുഴി തുടങ്ങിയ പ്രദേശങ്ങളിലൂടെ വേനൽക്കാലത്ത് പാറക്കെട്ടുകളിൽ പളുങ്കൻമണി വിതറി ഒഴുകുന്ന പുഴയെ കാണുക ഏറെ കൗതുകമാണ്.താഴേക്ക് വരുംതോറും പാറയുടെ സാന്നിധ്യം കുറഞ്ഞുവരികയും കളിമണ്ണും ചെളിയും നിറഞ്ഞതായിത്തീരുകയും ചെയ്യുന്നു. പുഴയുടെ നടുവിൽ സാമാന്യം വലിയൊരു പാറ കാണാവുന്നതാണ്. പുഴയിലൂടെ ഒഴുകിവരുന്ന ശവങ്ങൾ തടയുന്നതിനാൽ ഇത് ശവം മുട്ടിപ്പാറയായിത്തീർന്നു .

മുബാറഖ്9A



# സൂര്യകാന്തി

കവിത

നിർഗന്ധ പുഷ്പമാണെങ്കിലും നീയൊരു
സുന്ദരി തന്നെയാണെന്റെ പൂവേ
ആരും കൊതിക്കുന്ന നിൻമേനികണ്ടാൽ
സുന്ദരൻ  സൂര്യനും നോക്കി നിൽക്കും
എന്നും പുലരുന്ന കാലത്തുതന്നെ നീ
ശിരസുയർത്തിയുയർന്നു നിൽക്കും
മഞ്ഞൾ നീരാട്ടിനു പോയിട്ടോ നിന്റെയീ
പൂമേനി പൊൻ പട്ടുപോലിരിപ്പൂ
ആഴിയിൽ നിന്നുമുയരുന്ന സൂര്യനെ
കാത്തു നീ വിണ്ണിൽ വിരിഞ്ഞു നിൽക്കും
നിന്റെയാ ദിവ്യമാം പാവന സ്നേഹം നീ
നിന്റെയുള്ളിൽ തന്നൊളിച്ചു വച്ചു
പിറ്റേന്നു കാലത്തു ഞാൻവന്നു നോക്കവേ
ഞെട്ടറ്റുനീ മുഖം വാടി വീണു
അതുകണ്ടു നോക്കി  ഞാൻ നിൽക്കവേ എന്നുള്ളിൽ
അറിയാതെ നൊമ്പരം ആഴ്ന്നിറങ്ങി

സിമി മോൾ

ട്രെയിനിംഗ് അധ്യാപിക



# തെയ്യവും തിറയും

കലാരൂപം

**ദൈ**വം എന്ന പദത്തിൽ നിന്നുണ്ടായതാണ് തെയ്യം. കേരളത്തിലെ അനുഷ്ഠാനകലകളിൽ ഒന്നാണ് തെയ്യം. കോലധാരിയിലൂടെ ദേവതാചൈതന്യം വെളിപ്പെടുന്നുവെന്നാണ് വിശ്വാസം. സംസാരിക്കുന്ന ദൈവങ്ങളാണിവയെന്നു കരുതിവരുന്ന .ജനങ്ങൾ അവരുടെ ദുഃഖങ്ങളും ക്ലേശങ്ങളും ആവശ്യങ്ങളും ആ പ്രത്യക്ഷദൈവത്തോടുണർത്തിക്കുന്നു. ആ ദൈവങ്ങൾ അതിന് ഉചിതമായ ആശ്വാസവാക്കുകൾ മൊഴിയുകയും ചെയ്യുന്നു .അതോടെ ഭക്തന്റെ ഉള്ള് കുളിർക്കുകയും ആശ്വാസം അനുഭവപ്പെടുകയും ചെയ്യും . ദൈവം നൽകുന്ന കുറി ദൈവപ്രസാദമായി കരുതി ശരീരത്തിൽ അണിയുന്നു.

നെദീർ 9A



# ജലത്തുള്ളികൾ

കവിത

ഓർമകൾ പതിയിരിക്കുമെൻ ജീവിത വഴികളിൽ
ഓർക്കുന്നു ഞാനെൻ മഴക്കാല അനുഭവത്തെ
മഴകളാൽ സമ്പന്നമായ ഇടവമാസ
പ്രഭാതത്തിൽ ഞാനിറങ്ങി
എൻ വിദ്യാലയത്തിലേക്ക്
പുതു ചേലയും പുതുസഞ്ചിയുമായി
വിദ്യാലയത്തിലേക്കിറങ്ങിയ എന്നെ
തടഞ്ഞു സുന്ദരമാം ജലത്തുള്ളികൾ
ഞാൻ ഓർക്കുന്നു ആ ദിനത്തെ
മഴകളാൽ സമ്പന്നമായ എൻ
വിദ്യാലയ പ്രഥമ ദിനത്തെ........





തനൂജ
ട്രെയിനിംഗ് അധ്യാപിക

# ഭൂമിക്കായി മൂന്നു ദിനങ്ങൾ



*വനം,ജലം,കാലാവസ്ഥ*

ഭൂമിക്ക് ചൂടേറിക്കൊണ്ടിരിക്കുന്നു.

അടുത്ത കാലത്തൊന്നും ഇങ്ങനെയൊരു തിളനില അനുഭവപ്പെട്ടിട്ടില്ല. കാലാവസ്ഥാവ്യതിയാനത്തിന്റെ ദുരിതാനുഭവങ്ങൾ നമ്മുടെ ജീവിതത്തെ കീഴ്മേൽമറിച്ചുതുടങ്ങിയിരിക്കുന്നു. മലരണിക്കാടുകളുടെ ഹരിതഭൂമിയായിരുന്ന കേരളം മരുഭൂമിയിലേക്കുള്ള അതിവേഗ യാത്രയിലാണെന്നാണ് സമീപകാല അനുഭവങ്ങൾ തെളിയിക്കുന്നത്. മാർച്ച് പകുതി മുതൽ ഏപ്രിൽ പകുതി വരെയാണ് സാധാരണയായി കേരളത്തിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടാറുള്ളത്. എന്നാൽ ഇത്തവണ വർഷാരംഭത്തിൽ തന്നെ ചൂട് അസഹ്യമായിത്തുടങ്ങിയിരുന്നു. അന്തരീക്ഷത്തിൽ ഈർപ്പം കൂടിയതിനാൽ പകൽ മാത്രമല്ല, രാത്രിയിലും ചൂട് കൂടുതലാണ്. ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന സംസ്ഥാനമായി കേരളം മാറിത്തുടങ്ങിയെന്നാണ് കാലാവസ്ഥാ വിദഗ്ധർ പറയുന്നത്.

കഴിഞ്ഞ നാലായിരം വർഷത്തെ അപേക്ഷിച്ച്

ഇപ്പോൾ ഭൂമിയിലെ താപനില കുത്തനെ ഉയർന്നിട്ടുണ്ടെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. പതിനായിരം വർഷത്തെ ആഗോള താപനിലയെക്കുറിച്ച് സൂക്ഷ്മമായി പഠിച്ചാണ് ഗവേഷകർ ഈ നിഗമനത്തിലെത്തിച്ചേർന്നത്. താപനില എളുപ്പത്തിൽ ബാധിക്കുന്ന സൂക്ഷ്മ കടൽജീവികളെയാണ് താപനിലമാറ്റം നിർണയിക്കാൻ ഉപയോഗിച്ചിട്ടുള്ളത്.
ചൂട് കൂടുന്നത് മനുഷ്യരുൾപ്പെടെയുള്ള ജീവലോകത്തിന് വൻഭീഷണിയാണ്. താപനില വർധിക്കുന്നതിന്റെ ഫലമായി മഞ്ഞുരുകുകയും സമുദ്രജലനിരപ്പ് 18 സെ.മീ. മുതൽ 59 സെ.മീ. വരെ ഉയരാനും സാധ്യതയുണ്ടത്രെ.

**മുഹമ്മദ് സെയ്ദ്** 9A



# മഹദ് വചനങ്ങൾ

* ഒരിക്കലും കടുത്ത വാക്കുകൾ പറയരുത്. അവ നിങ്ങളിലേക്ക് മടങ്ങിയെത്തും. ചീത്ത പദങ്ങൾ വേദനയാണ്. അടിക്ക് അടി തന്നെയാകും പ്രതിഫലം.

*ഒരു കുന്ന് പൂക്കളിൽ നിന്ന് പല പൂമാലകളുണ്ടാക്കാം. അതുപോലെ ഈ ജീവിതത്തിൽ മനുഷ്യന് ചെയ്തുതീർക്കാൻ ധാരാളം നന്മകളുണ്ട്

*അശ്രദ്ധയ്ക്ക് കീഴ്പ്പെടരുതൊരിക്കലും. ക്ഷുദ്രവാസനകളിൽ മുഴുകരുതൊരിക്കലും. ശ്രദ്ധാലുക്കൾ, ധ്യാന ഗാഢതയിൽ പരമാനന്ദമണയുന്നു.

*അന്യന്റെ കുറ്റം കാണാനെളുപ്പം. സ്വന്തം കുറ്റം കാണുക പ്രയാസം.

*മനുഷ്യൻ നഗ്നനായി ഈ ലോകത്തിലേക്കു വരുന്നു; വീണ്ടും നഗ്നനായിത്തന്നെ ഇവിടം വിട്ട് പോകുന്നു

*ശാന്തതകൊണ്ട് കോപത്തെ വെല്ലുക. നന്മകൊണ്ടു തിന്മയെ. ഉദാരതകൊണ്ടു അല്പത്തത്തെ. നുണയനെ നേരു കൊണ്ട്

*ലോകത്തിന്റെ സമ്പത്ത് കൊണ്ട് ഒരാൾക്ക് സന്തോഷം വിലയ്ക്കു വാങ്ങാനാവില്ല.

*മനുഷ്യൻ സ്വന്തം ഉദരത്തെക്കാൾ ചീത്തയായ യാതൊരു പാത്രവും നിറച്ചിട്ടില്ല.

**സമ്പാദകൻ**

**സജീർ 9A**



# കൃഷിപ്പാട്ടുകൾ

പാട്ട് –1

ആനിയ്ക്കാ പറിക്കാൻ വാ മോളേ
എന്റെ കയ്യിൽ കൊച്ചാമ്മേ
ആനിക്കാ പെറുക്കാൻ വാ മോളെ
എന്റെ കയ്യിൽ കൊച്ചാമ്മേ
ആനിക്കാ ചെത്താൻ വാ മോളെ
എന്റെ കയ്യിൽ കൊച്ചാമ്മേ
ആനിക്കാ പുഴുങ്ങാൻ വാ മോളെ
എന്റെ കയ്യിൽ കൊച്ചാമ്മേ
ആനിക്കാ തിന്നാൻ വാ മോളെ
അവിടെ കെടകൊച്ചെ ഇവിടെ കെടകൊച്ചെ
അങ്ങനെ കെടകൊച്ചെ ഇങ്ങിനെ കെടകൊച്ചെ

പാട്ട്–2

തിന്താര,തെയ്യാര,തെയ്യന്നം താര,തെയ്യന്നം താര തിന്താര
നേരം വെളുത്തെടി വാതിൽ തുറക്കെടി നീലിക്കിടാത്തി
കൊച്ചമ്പ്രാൻ മുറ്റത്തു വന്ന് മുട്ടിവിളിക്കണ് വാതിൽ തുറക്ക്
തിന്താര,തെയ്യാര,തെയ്യന്നം താര,തെയ്യന്നം താര,തിന്താര

പാട്ട്–3

അക്കരെ പാർക്കുന്ന കൊച്ചമ്മയ്ക്ക്
പാവയ്ക്കാ കൂട്ടാൻ പാരം കൊതി
നട്ടു പാവല് മുളച്ചത് കോവല്
കേറിപ്പടർന്നൊരാ പപ്പരയ്ക്ക


താലോലം പാടി പറിയ്ക്കാൻ ചെന്നപ്പേൾ
തൂങ്ങിക്കിടന്നൊരു കുമ്പളങ്ങ
വച്ചതു പുളിശ്ശേരി കൂട്ടീയതെരിശ്ശേരി
വായിൽ ചൊവച്ചതു മധുരക്കറി

പാട്ട്-4

ആയയ്യയ്യോ യോയേ യോയേ യോയേയോയേയോ
ആയയ്യയ്യേയോയേയോയേയോയേയോയേയേയേ
രേരറ്റേരോരേരോരേരോരേരോരേരോ
രേരറ്റേരോരേരോരേരോരേരോരേരോ
ഓരോരോ മാലമലമേൽ നിന്നേ ആയേ...... യേയോ
പിള്ളതീനി വരവു കണ്ടേ......യേയോ
എന്താണമ്മേ നീയിവരേ
വാധചെയ് വാൻ കാരണമേ
നീയിരുന്ന പൂമരത്തേൽ
പൂ പറിപ്പാൻ വന്തായോ
നിന്നെയിവർ കണ്ടായോ
കാഞ്ഞിര മാലയണിഞ്ഞവളേ
കാഞ്ഞിരത്തേൽ
കുടികൊൾവവളേ




ഉനൈസ് 9A



# കടം കഥകൾ

.അടയ്ക്കും തുറക്കും മണിമുത്തിൽ പത്തായം - കണ്ണ്
.അടിക്കാത്ത മുറ്റത്തിൻ പേരു ചൊല്ലാമോ - ആകാശം
.അടുക്കളയിലെ അമ്മായിയമ്മ - പൂച്ച
.ആയിരം കണ്ണൻ ആറ്റിൽചാടി - വല
.ആരും കാണാതെ വരും, ആരും കാണാതെ പോകും - കാറ്റ്
.അടിക്കു കൊടുത്താൽ മുടിക്കു കാണാം - തെങ്ങ്
.അടിക്ക് വെട്ട്, നടുക്ക് കെട്ട് തലയ്ക്ക് ചവിട്ട് - നെല്ല്
.അപ്പം പോലെ തടിയുണ്ട് അൽപ്പം മാത്രം തലയുണ്ട് - ആമ
.ആയിരം കടലോടി വരുന്ന ചെങ്കുപ്പായക്കാരൻ കുഞ്ഞിന്റെ പേരെന്ത് -ചെമ്മീൻ
.ആരും ഇഷ്ടപ്പെടാത്തിഷ്ടം - നഷ്ടം

വസീം 8A



# ഒരു പെൺ മുയലിന്റെ ..... ക്ഷമിക്കണം , ഒരു വെൺ മുയലിന്റെ ആകുലതകൾ

കഥ

എനിക്കറിയാം , ഞാനൊരു വെള്ള മുയലാണെന്ന് . ഒരു മുയലിന്റെ ജീവിതം എത്ര അരക്ഷിതമാണെന്നുമറിയാം. എപ്പോഴും എനിയ്ക്ക് ചുറ്റും അപകടം പതിയിരിക്കുന്നു. ഏതു നിമിഷവും എന്റെ ജീവിതം പിച്ചിച്ചീന്തപ്പെട്ടേക്കാം; പിന്നീട് തിരിച്ചെടുക്കാൻ കഴിയാത്ത വിധം.

യാത്രക്കിടയിൽ, എന്റെ മിനുപ്പുള്ള മേനിക്കു നേരെ ചെന്നായക്കണ്ണുകൾ നീളുന്നത് ഞാൻ കാണാറുണ്ട്. സന്ധ്യ മയങ്ങും മുമ്പ് വീടണയാൻ തിടുക്കം കൂട്ടുമ്പോൾ കുറ്റിക്കാട്ടിലെ കുറുക്കന്മാർ എന്നെ നോക്കി കൊതിയോടെ ഓരിയിടുന്നത് ഞാൻ കേൾക്കാറുണ്ട് . ചിലപ്പോൾ എന്റെ മാളത്തിനകത്ത് പോലും ശത്രുക്കളുടെ സീൽക്കാരം കേട്ട് ഞാൻ ഞെട്ടാറുണ്ട് . ഒന്ന് കൂട്ടം തെറ്റിയാൽ, ഒരു തക്കം കിട്ടിയാൽ, എന്നെ റാഞ്ചിയെടുക്കാനായി പരുന്തുകൾ തലയ്ക്കു മുകളിൽ വട്ടമിട്ടു പറക്കുന്നുണ്ടെന്ന് എനിക്കറിയാം. വേട്ടക്കാരന്റെ മദ്യലഹരിയ്ക്ക് വീര്യം പകരാൻ പറ്റിയതാണെന്റെ മാംസമെന്നും അതിനാൽ തോക്കിൻകുഴലുകൾ എന്നെ തേടി നടക്കുന്നുണ്ടെന്നും അറിയാം. എന്നെ കണ്ടും തൊട്ടും ആസ്വദിക്കാൻ ആളുണ്ടെന്നും അവരുടെ വലകൾ ചുറ്റും വിരിക്കപ്പെട്ടിട്ടുണ്ടെന്നും എനിയ്ക്കറിയാം.

ശരിയാണ്, ഒരു വെള്ള മുയലിന് ഒരു പാട് പരിമിതികളുണ്ട്. തുടിക്കുന്ന മേനിയഴക് തന്നെ എന്റെ ഒന്നാമത്തെ ഒറ്റുകാരൻ.

തിളക്കമുണ്ടെങ്കിലും എന്റെ കണ്ണുകൾക്ക് കാഴ്ച കുറവാണ്. എന്നാലും എനിക്ക് ഏറ്റവും പേടി എന്റെ പേടിയെത്തന്നെയാണ്. ഭയം കൊണ്ടുള്ള കിതപ്പും നെഞ്ചിടിപ്പും ഒളിസ്ഥലത്ത് എനിക്ക് വിനയാകാനാണ് സാധ്യത. പിച്ചിച്ചീന്തപ്പെട്ടാലും പ്രതിഷേധിക്കാൻ, ഒന്നുറക്കെക്കരയാൻ, എനിക്ക് ശബ്ദം പോലുമില്ല. കരഞ്ഞിട്ടെന്തിനാണ്? രക്ഷിക്കാൻ വരുന്നത് മറ്റൊരു വേട്ടക്കാരനല്ലെന്ന് ആരു കണ്ടു?

അത് കൊണ്ട് ഞാൻ എപ്പോഴും എന്റെ ചെവി വട്ടം പിടിക്കുന്നു. എപ്പോൾ വേണമെങ്കിലും കുതറിച്ചാടി രക്ഷപ്പെടാൻ എന്റെ കാലുകളെ തയ്യാറാക്കി നിർത്തുന്നു. കാരണം, ഒരുവെൺ മുയലാണല്ലോ ഞാൻ...



ജാസ്മിൻ . കെ. എം

അധ്യാപിക

# ക്വിസ്

*ഏറ്റവും വലിയ മൂലകമേത് ?
ഫ്രാൻസിയം
*ഏറ്റവും ചെറിയ മൂലകമേത് ?
ഹീലിയം
*ദേശീയ വിദ്യഭ്യാസദിനം ?
നവംബർ 11
*വിദേശത്തുവച്ച് മരണമടഞ്ഞ ഇന്ത്യൻ പ്രധാന മന്ത്രി ?
ലാൽ ബഹദൂർ ശാസ്ത്രി
*ഏറ്റവും കൂടിയ സാന്ദ്രതയുള്ള മൂലകം ?
ഓസ്മിയം
*ചന്ദ്രോപരിതലത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം ?
ഓക്സിജൻ
*ഇതുവരെ എത്ര മൂലകങ്ങൾ മനുഷ്യൻ തിരിച്ചറിഞ്ഞിട്ടുണ്ട് ?
118
*ആഹാരം കഴുകിയ ശേഷം മാത്രം കഴിക്കുന്ന ജന്തു ?
റാക്കൂൺ
*കമലാ സുരയ്യ എന്ന പേരിലറിയപ്പെടുന്ന കവയത്രി ?
മാധവിക്കുട്ടി
*മലയാള സിനിമയുടെ പിതാവ് ?
ജെ  സി ഡാനിയേൽ



സവാദ്8A

# മാസങ്ങൾ

കവിത

ചിങ്ങക്കൊയ്ത്തു കഴിഞ്ഞീടിൽ
പത്തായം നിറഞ്ഞീടും
കന്നിവെയിലിൽ കണ്ടങ്ങൾ
കട്ടപിടിച്ചുവരണ്ടീടും
തുലാമായാൽ മഴകിട്ടും
മണ്ണുകുതിർന്നു മെരുങ്ങീടും
വൃശ്ചികത്തിൽ തെളിവോടെ
കാറ്റും വെയിലും സുഖമേകും

ധനുമാസത്തിൽ തിരുവാതിരനാൾ
വ്രതവും നോറ്റു മാനിനിമാർ
മകരക്കൊയ്ത്തിൽ നെല്ലറ നിറയും
മഞ്ഞിൽ മരവും കോച്ചീടും
കുംഭച്ചൂടിൽ മഴ പെയ്താൽ
കനകം വിളയും മഴയല്ലോ
മീനച്ചൂടു കുറഞ്ഞീടുമ്പോൾ
കാർമേഘങ്ങൾ വരവാകും
മേടപ്പത്തിനു വിത്തുവിതച്ചാൽ
ഓണക്കാലം നിറവല്ലോ!
ഇടവപ്പാതിയിൽ കേരള നാട്ടിൽ
തകർത്തു പെയ്യും മഴയല്ലോ
മിഥുനത്തിൽ സ്ഥിതി മാറുമ്പോൾ
മഴയും വെയിലും കിട്ടീടും


കർക്കിടകത്തിൽ പഞ്ഞമതെല്ലാം
ചിങ്ങത്തോടെ മറഞ്ഞീടും
ഇങ്ങനെ മാസം പന്ത്രണ്ടായാൽ
കൊല്ലമൊന്നു കഴിഞ്ഞീടും

(സരസ്വതിയമ്മ)

താഹിർ 9A 

# ഇന്ത്യയിലെ ശാസ്ത്രജ്ഞന്മാർ

## ആര്യഭടൻ



എ.ഡി.476 അശ്വകം എന്ന സ്ഥലത്ത് ജനിച്ചെന്ന് കരുതപ്പെടുന്നു. ഭാരതീയ ശാസ്ത്രത്തിന്റെ പിതാവായി ആദരിക്കുന്നു. ഗണിതശാസ്ത്രജ്ഞനും, വാനശാസ്ത്രജ്ഞനുമായിരുന്നു. ഗ്രഹങ്ങളുടെ ചലനപാത എപ്പിസൈക്കിൾ മാതൃകയിലാണെന്ന് കണ്ടെത്തി .

## സി വി രാമൻ



**1888** നവംബർ 7 ന് ജനിച്ചു. 1930 നോബൽ സമ്മാനവും ലഭിച്ചു . ഫെബ്രുവരിയിൽ 28 ൽ രാമൻ പ്രഭാവം ലോകത്തെ അറിയിച്ചതിനാൽ ഈ ദിവസം ദേശീയ ശാസ്ത്രദിനമായി ആചരിക്കുന്നു. 1970 നവംബർ 21 ൽ അദ്ദേഹം അന്തരിച്ചു.

**അരുൺ രാജ് 6A**



# എന്റെ മകൾക്ക്

കവിത

എന്റെ മകളെ, നീ കരയരുത്.
എനിക്കറിയാം, എന്റെ ഗർഭപാത്രം പോലെയല്ല ഈ ലോകം.
ഇത് നിനക്കായി പാകപ്പെടുത്തപ്പെട്ടതല്ല,
ഇത് നിന്നെയാണ് പാകപ്പെടുത്താൻ പോകുന്നത്.
എങ്കിലും, നീ കരയേണ്ടതില്ല
നിന്റെ പ്രതിഷേധം ഇവിടെ വിലപ്പോകുകയില്ല.

എന്റെ മകളെ, നീ കരയരുത്.
കളഞ്ഞു പോയ ആ പൊട്ടുകമ്മൽ നിനക്കേറെ
പ്രിയപ്പെട്ടതായിരുന്നു .
അതാണ് നിന്നിലേറ്റവും വിലപ്പെട്ടതെന്ന് ഞാൻ തന്നെയാണ്
നിന്നെ പഠിപ്പിച്ചത് .
എങ്കിലും നീ കരയേണ്ടതില്ല
ഇതിലും വിലപ്പെട്ടതെന്തൊക്കെയോ
ഇനിയും നിനക്ക് നഷ്ടപ്പെടാനുണ്ട്.

എന്റെ മകളെ, നീ കരയരുത്.
നീ വളരും തോറും നിന്റെ ആകാശം ചെറുതാകുന്നത് ഞാൻ
കാണുന്നു.
വളർച്ചയുടെ ഓരോ പടവുകളും നിന്നെ
തളർത്തിക്കൊണ്ടേയിരിക്കും
എങ്കിലും നീ കരയേണ്ടതില്ല

നഷ്ടപ്പെട്ട ആകാശങ്ങൾക്കു താഴെ ഇനിയും നിന്റെ കാൽക്കീഴിൽ ഭൂമി ബാക്കിയുണ്ടല്ലോ.

എന്റെ മകളെ, നീ കരയരുത്.
പടിയിറങ്ങിപ്പോകുമ്പോൾ പ്രണയത്തിന്റെ പുതിയ വാതിലുകൾ നിനക്കായി തുറക്കുമെന്ന് നീ കരുതി .
എന്നാൽ ഇന്നിവിടെ
അടഞ്ഞ വാതിലുകൾക്ക് നടുവിൽ നീ തനിച്ചാവുന്നത് ഞാൻ കാണുന്നു.
എങ്കിലും നീ കരയേണ്ടതില്ല
തുറന്നാലുമടഞ്ഞാലും, ഈ വാതിലുകൾക്ക് ഇരുപുറവും
നിനക്കുള്ളത് തടവറ തന്നെയെന്നോർക്കുക .

എന്റെ മകളെ, നീ കരയരുത്.
ഗർഭധാരണവും പ്രസവവും നിന്നെ വേദനിപ്പിക്കാതിരിക്കില്ല
എങ്കിലും നീ കരയേണ്ടതില്ല
വേദനയെന്തെന്നു ഇനിയും നീ അറിയാൻഇരിക്കുന്നതേയുള്ളൂ

ജാസ്മിൻ . കെ. എം

അധ്യാപിക



# സ്നേഹം

കഥ

വിവാഹിതരായ രണ്ട് പേർ . സന്ധ്യ , മുകുന്ദൻ . കുറച്ചുമാസം കഴിഞ്ഞപ്പോൾ അവർക്കൊരു കുട്ടിയുണ്ടായി . "അശ്വിൻ" എന്നവന് പേരിട്ടു . അശ്വിൻ ചെറുപ്പത്തിൽ നല്ല കുട്ടിയായി രുന്നെങ്കിലും ചില ചട്ടമ്പിത്തരങ്ങളൊക്കെ ഉണ്ട്. അച്ഛന്റെ കൈയ്യിൽ നിന്നും നല്ല തല്ല് വാങ്ങുന്നുമുണ്ട് . അതുകൊണ്ട് അവൻ പരമാവധി ചട്ടമ്പിത്തരം കുറക്കുകയാ ണ്. ഒരു ദിവസം മുകുന്ദൻ ബൈക്കിലൂടെ പോകുമ്പോൾ ഒരു ലോറി വന്നിടിച്ചു . മുകുന്ദൻ മരിച്ചു . അച്ഛൻ മരിച്ചതോടെ അവന്റെ നിയന്ത്രണം പോയി . അവൻ സ്കൂളിൽ പോകാതായി എപ്പോഴും കൂട്ടുകാരോടൊപ്പം കളിച്ചുനടക്കും അമ്മയോട് തർക്കുത്തരം പറയും. രാവിലെ പോയാൽ രാത്രിയിലാണ് വരിക ഉച്ചയ്ക്ക് എവിടെ നിന്നു കഴിക്കുമെന്ന് പോലും അറിയില്ല . ചോദിക്കാൻ നിന്നാൽ എന്തിനാണ് ഇതൊക്കെ ചോദിക്കുന്നതെന്ന് പറയും . അമ്മയ്ക്ക് അവനെ പേടിയാണ് . അവന് എല്ലാറ്റിനോടും ദേഷ്യമാണ് ഒരു കാര്യം വേണമെന്ന് പറഞ്ഞാൽ അവനത് വാങ്ങിച്ചുകൊടുക്കണം ഇല്ലെങ്കിൽ അവന് ദേഷ്യമാണ് . ഒരുദിവസം ഉടുപ്പു വേണമെന്ന് പറഞ്ഞു . അമ്മ പറഞ്ഞു, പൈസ ഇല്ല പിന്നെ വാങ്ങിതരാം അത് കേട്ടപ്പോൾ അവന് ദേഷ്യമായി. അമ്മ അവന് കടം വാങ്ങിച്ച് ഉടുപ്പ് വാങ്ങികൊടുത്തു. അതവന് താളമായി . എനിക്ക് തറയിൽ കിടക്കാൻവയ്യ , എനിക്ക് കട്ടിൽ വേണം. അമ്മ

വീണ്ടും കടം വാങ്ങിച്ച് കട്ടിൽ വാങ്ങികൊടുത്തു . ഒരു ദിവസം അവരുടെ വീടിന്റെ മുതലാളിയുടെ മകൾ വന്നു . അവൾ പാവമായിരുന്നു . അമ്മ എല്ലാ കാര്യവും അവളോട് പറഞ്ഞു . നീ നേരത്തേ അടി കൊടുക്കേണ്ടതായിരുന്നു . ആ അടി ഇന്ന് കൊടുക്കണം . അന്ന് അവൻ രാത്രി വന്നപ്പോൾ അമ്മ ചോദിച്ചു എവിടെപോയി ? അവൻ പറഞ്ഞു അത് നിങ്ങൾ അറിയുന്നതെന്തിനാണ്? അമ്മ അവനെ അടിച്ചു . അവൻ രാത്രി ഇറങ്ങിപ്പോയി . പോകാൻ വേറെയിടമില്ലെന്ന റിഞ്ഞ് അശ്വിൻ വീട്ടിലേക്ക് തിരിച്ചു പോയി . അവൻ കട്ടിലിൽ അമ്മയോടൊപ്പം കിടന്നെങ്കിലും അവന്റെ വാശി കൂടി വന്നു അടുത്ത ദിവസവും അവൻ അതുപോലെ ആവർത്തിച്ചു. പക്ഷേ അന്നു രാത്രിയും അവൻ താമസിച്ചാണ് വന്നത് . ഇനിയടിക്കുന്നത് നല്ലതല്ല എന്ന് അമ്മയ്ക്കുതോന്നി . ഒരു ദിവസം രാത്രി അമ്മകരയുന്നത് അവൻ കണ്ടു. അമ്മ പറഞ്ഞു, ഞാൻ നിന്റെ അമ്മയല്ലേ ? നീ നിന്റെ അച്ഛനെയോർത്തെങ്കിലും നീ പഠിക്ക്... നിന്റെ അച്ഛൻ മരിക്കുന്നതിനുമുമ്പ് എന്നോട് പറഞ്ഞിട്ടുണ്ട്, നിന്നെ പഠിപ്പിക്കണമെന്ന്. അതുകേട്ടപ്പോൾ അവന് കുറ്റബോധമുണ്ടായി. പഠിക്കാനുള്ള ആഗ്രഹമുണ്ടായി. അവൻ സ്കൂളിൽ പോകാൻ തുടങ്ങി. പഠിക്കാൻ ഇത്തിരി പുറകിലായിരുന്നു. പരീക്ഷ കഴിയുന്തോറും അവൻ മെച്ചപ്പെട്ടുവന്നു . അവൻവളർന്നു . ഒരു ദിവസം രാവിലെ അവൻ എപ്പോഴത്തേയുംപോലെ എഴുന്നേറ്റു . അന്ന് അവന് ഇന്റർവ്യൂ ആണ് . അവൻ അച്ഛന്റെയും അമ്മയുടെയും അനുഗ്രഹം മേടിച്ചു പുറത്തുപോയി. രണ്ടു മൂന്ന് മണിക്കൂർകഴിഞ്ഞു അവൻ അമ്മയുടെ മുന്നിൽ ഒരു സന്തോഷവാർത്തയുമായാണ്


വന്നത് . അവൻ ഇന്റർവ്യൂ പാസായി. അവൻ നിറകണ്ണുകളോടെ അമ്മയോട് പറഞ്ഞു, അമ്മയും അച്ഛനും എനിക്ക് തുല്യമാണ് . അന്ന് അമ്മ പറഞ്ഞത് വെറുംവാക്കല്ല എന്നെ ഇവിടം വരെ എത്തിക്കാൻ എന്നിലുണ്ടാക്കിയ ആവേശമാണ് . അമ്മ അവനെ കെട്ടിപ്പിടിച്ച് നെറ്റിയിൽ ചുംബിച്ചു

**മുഹമ്മദ് ഇർഷാദ് 7 A**



## പ്രവൃത്തി പരിചയവിദ്യാഭ്യാസം

വിദ്യാർത്ഥികളുടെ സർവതലസ്പർശിയായ വളർച്ചയും വികാസവുമാണ് നമ്മുടെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. അതിനാൽ പാഠ്യപ്രവർത്തനങ്ങൾക്കും പഠനാനുബന്ധപ്രവർത്തനങ്ങൾക്കും തുല്യ പ്രാധാന്യമാണ്. ഇങ്ങനെയുള്ള വിദ്യാഭ്യാസത്തിനു മാത്രമേ വിദ്യാർത്ഥിയുടെ ഉള്ളിലെ ഇരുട്ടിനെ മാറ്റി പ്രകാശം പരത്താൻ സാധിക്കുകയുള്ളൂ. ഒരു വ്യക്തിയുടെ വിദ്യാഭ്യാസം എന്നത് ആ വ്യക്തി നേടുന്ന ഔപചാരിക വിദ്യാഭ്യാസം മാത്രമല്ല, അനൗപചാരികമായി നേടുന്ന വിദ്യാഭ്യാസം കൂടി ഉൾക്കൊള്ളുന്നതാണ്. അനൗപചാരിക വിദ്യാഭ്യാസം വ്യക്തി നേടുന്നത് അധിക വായനയിലൂടെയും അവൻ ഉൾക്കൊള്ളുന്ന സമൂഹം, കുടുംബം, സൗഹൃദങ്ങൾ, വാർത്താമാധ്യമങ്ങൾ എന്നിവയിലൂടെയുമാണ്. സ്കൂൾ തലത്തിൽ തന്നെ വിദ്യാർത്ഥികളുടെ കലാ കായിക, ശാസ്ത്ര, പ്രവർത്തിപരിചയ കഴിവുകൾ വളർത്തുന്നതിനാണ് പാഠ്യേതരപ്രവർത്തനങ്ങൾക്കും നമ്മുടെ വിദ്യാഭ്യാസം പ്രാധാന്യം നൽകുന്നത്, പ്രവൃത്തി പരിചയവിദ്യാഭ്യാസത്തിലൂടെ ഒരു വിദ്യാർത്ഥി അവൻ പഠനത്തിലൂടെ ആർജ്ജിക്കുന്ന അറിവുകൾ തനിക്കും താൻ ഉൾക്കൊള്ളുന്ന സമൂഹത്തിനും ഉതകുന്ന രീതിയിൽ വളർത്തിയെടുക്കുന്നു.



ജിനു. കെ. എം

വർക്ക് ഇൻസ്ട്രക്ടർ (ലിറ്റിൽ കൈറ്റ്സ്)

## പഠ്യേതര പ്രവർത്തനങ്ങൾ

# പ്രവേശനോത്സവം






അധ്യാപക ദിനത്തിൽ മുതിർന്ന അധ്യാപികയെ ആദരിക്കുന്നു



## ഈ കഴിഞ്ഞ സംസ്ഥാന കലോത്സവത്തിൽ അറബി ഗാനത്തിന്

## എ.ഗ്രേഡ് നേടിയ വിദ്യാർത്ഥി



## സംസ്ഥാന അറബി അധ്യാപക സംഗമത്തിൽ അറബി

## മോണോആക്റ്റിന് എ.ഗ്രേഡ് നേടിയ അധ്യപിക



# മലയാളത്തിളക്കം



# യോഗ




## ജൈവകൃഷി



## സി.വി.രാമൻ അനുസ്മരണദിനം



## വരയുടെ ലോകം









## അധ്യാപകർ



**കടപ്പാട്**

ഈ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച അധ്യാപി-
കമാരായ ശ്രീ റോസ്‌ലിൻ പോൾ, ജാസ്മിൻ എന്നിവർക്കും
മറ്റ് അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നന്ദി !

സിയാം 9A

